"ഭരണഭാഷ — മാതൃഭാഷ"

GOVERNMENT OF KERALA

## സംഗ്രഹം

ധനകാര്യ വകുപ്പ് - ധനകാര്യ വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ ശ്രീ. അബ്ദുൾ മുനീർ കെ - യ്ക്ക് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് കോഴിക്കോട് ജില്ലാ ഓഫീസിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (ഭരണം -സി) വകുപ്പ്**

**സ.ഉ (സാധാ) നം.6497/2021/ധന** **തീയതി, തിരുവനന്തപുരം, 04.10.2021.**

പരാമർശം:- ശ്രീ. അബ്ദുൾ മുനീർ കെ - യുടെ 16.08.2021 തീയതിയിലെ അപേക്ഷ.

## ഉത്തരവ്

ധനകാര്യ വകുപ്പിൽ അക്കൗണ്ട്സ് ഓഫീസർ ആയി ജോലി നോക്കി വരുന്ന ശ്രീ. അബ്ദുൾ മുനീർ കെ യ്ക്ക് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് കോഴിക്കോട് ജില്ലാ ഓഫീസിൽ ഒഴിവുള്ള അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകണമെന്ന് പരാമർശം പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് കോഴിക്കോട് ജില്ലാ ഓഫീസിൽ ഒഴിവുള്ള അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് ധനകാര്യ വകുപ്പിലെ അക്കൗണ്ട്സ് ഓഫീസറായ ശ്രീ. അബ്ദുൾ മുനീർ കെ യെ KS & SSR ഭാഗം II ചട്ടം 9 B പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്കോ, ടി തസ്തികയിൽ പി. എസ്. സി വഴി നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുതൻ ഡബ്ല്യൂ. ജെ**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
ധനകാര്യ (ഭരണം - എ / അക്കൗണ്ട്സ്-എ) വകുപ്പ്.
ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനന്തപുരം.
ശ്രീ. അബ്ദുൾ മുനീർ കെ, അക്കൗണ്ട്സ് ഓഫീസർ , ധനകാര്യ വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ ഫയൽ നം.1850986)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GCPT. 4/2098/2019/1,00,000/S-18.